# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

29.06.2015 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 452

## കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് എന്നാണ് സർക്കാർ ഏറ്റെടുത്തത് എന്നും ഏറ്റെടുക്കുന്നതിന് മുൻപ് മെഡിക്കൽ കോളേജിന്റെ ആസ്തി ബാദ്ധ്യത തിട്ടപ്പെടുത്തിയിരുന്നോ എന്നും വിശദമാക്കാമോ; | (എ) 17.12.2013 ലെ സർക്കാർ ഉത്തരവ് നം. 488/2013/ആ,കു.വ പ്രകാരം നിലവിലുള്ള ആസ്തി ബാധ്യതകളോടെ കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്ന് ഉത്തരവായിട്ടുള്ളതാണ്. 31.05.2013 അടിസ്ഥാനമാക്കി എറണാകുളം ജില്ലാ കളക്ടർ 2013 ജൂലൈ മാസത്തിൽ ആസ്തി ബാധ്യത റിപ്പോർട്ട് ആരോഗ്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുമ്പോൾ കേപ്പുമായി എന്തെങ്കിലും ധാരണപത്രം ഒപ്പു വച്ചിരുന്നോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) ഇല്ല |
| (സി) കൊച്ചി സഹകരണ മെഡിക്കൽകോളേജ് സർക്കാർ ഏറ്റെടുക്കുമ്പോൾ കേപ്പിന് നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥ ചെയ്തിരുന്നോ; നഷ്ടപരിഹാരമായി എന്തെങ്കിലും തുക കേപ്പിന് ലഭിച്ചോ; വ്യക്തമാക്കാമോ; | (സി) 17.12.2013 ലെ സർക്കാർ ഉത്തരവ് നം. 488/2013/ആ,കു.വ പ്രകാരം കൊച്ചി സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കേപ്പിന് നഷ്ടപരിഹാരം നൽകേണ്ട ആവശ്യമുണ്ടോ എന്ന വിഷയം ധനകാര്യ വകുപ്പ് നിയോഗിക്കുന്ന കമ്മറ്റിയുടെ പരിശോധന റിപ്പോർട്ട് ലഭിച്ചശേഷം തീരുമാനിക്കുന്നതാണ് എന്ന ഉത്തരവായിട്ടുണ്ട്. നഷ്ടപരിഹാരം നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | സഹകരണ മെഡിക്കൽ കോളേജിലെ ജീവനക്കാരെ സർക്കാർ ഏറ്റെടുത്തോ; വിശദാംശം നൽകുമോ; | (ഡി) | 17.12.2013 ലെ സർക്കാർ ഉത്തരവ് പ്രകാരം റിട്ടയർ ചെയ്തശേഷം ജോലിയെടുക്കുന്നവരും കരാർ അടിസ്ഥാനത്തിലുള്ളവരും ദിവസവേതന അടിസ്ഥാനത്തിലുള്ള ജീവനക്കാരും ഒഴികെയുള്ളവരുടെ സേവന വേതന വ്യവസ്ഥയും മറ്റും പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, സഹകരണ വകുപ്പ് സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവരടങ്ങുന്ന ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. |
| (ഇ) | സർക്കാർ ഏറ്റെടുത്ത തീയതി മുതൽ ഇതുവരെ മെഡിക്കൽകോളേജിന്റെ നടത്തിപ്പിനായി കേപ്പ് എത്ര തുക ചെലവഴിച്ചു; വിശദമാക്കാമോ? | (ഇ) | 17.12.2013 മുതൽ നാളിതുവരെയായി എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ ശമ്പളത്തിനും മറ്റും ദൈനംദിന ചെലവുകൾക്കുമായി മൊത്തം 13,18,45,161/- രൂപ കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | തുക കൈമാറിയ തീയതി | കൈമാറിയ തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | 01.01.2014 | 1,06,45,161 | 17.12.2013 മുതൽ 31.12.2013 വരെയുള്ള കാലയളവിലെ ശമ്പളം |
| 2 | 01.02.2014 | 1,30,00,000 | 2014 ജനുവരിയിലെ ശമ്പളം |
| 3 | 01.03.2014 | 1,36,00,000 | 2014 ഫെബ്രുവരിയിലെ ശമ്പളം |
| 4 | 04.04.2014 | 85,00,000 | 2014 മാർച്ചിലെ ശമ്പളം |
| 5 | 03.05.2014 | 2,32,00,000 | 2014 ഏപ്രിലിലെ ശമ്പളം |
| 6 | 03.06.2014 | 1,70,00,000 | 2014 മെയിലെ ശമ്പളം |
| 7 | 18.07.2014 | 2,30,00,000 | 214 ജൂണിലെ ശമ്പളം |
| 8 | 05.08.2014 | 2,29,00,000 | 2014 ജൂലൈയിലെ ശമ്പളം |
| | **ആകെ** | **13,18,45,161** | |